# പ്രകൃതി ക്ഷോഭത്തിനും ഹൃദ്രോഗങ്ങൾക്കും എതിരെ കണ്ണുനീർ വീഴ്ത്തുന്നവരോട് ഒരു അഭ്യർഥന!!

കളിഞ്ഞ കുറച്ചുദിവസങ്ങളായി കേരളത്തിലെ രണ്ട് കുത്തക പത്രങ്ങൾ മത്സ
രബുദ്ധിയോടെ കണ്ണുനീർ വീഴ്ത്തിക്കൊണ്ട് ഒറീസാ പ്രകൃതിക്ഷോഭത്തിന്റെ
പേരിലും മലയാളിയുടെ ഹൃദ്രോഗത്തിന്റെ പേരിലും പണപ്പിരിവ് നടത്തി മനു
ഷ്യസ്നേഹരംഗത്ത് മത്സരം നടത്തിവരികയാണല്ലോ. 'ആ സത് കർമ്മത്തിന്
എല്ലാ വിജയാശംസകളും' നേരുന്നതോടൊപ്പം, പണം നല്കി സഹായിക്കുന്നവ
രോട് കുത്തക പത്രങ്ങളുടെ ഭാഗത്തുനിന്നുള്ള നിസഹകരണ മനോഭാവത്തിന്റെ
ഫലമായി ഈ കൊച്ചഭ്യർഥന വഴി ഒരു കാര്യം സംസാരിക്കുവാൻ ആഗ്രഹിക്കു
കയാണ്.

ഇന്ത്യയിലെ പ്രകൃതിക്ഷോഭത്തിനും മലയാളിയുടെ ഹൃദ്രോഗത്തിനുമുള്ള
മുഖ്യകാരണം എന്താണെന്നു കൂടി സഹായധനം നല്കിയ സഹൃദയർ അറിയേ
ണ്ടതുണ്ട്. മനുഷ്യരുടെ പ്രകൃതി വിരുദ്ധമായ ജീവിതശൈലിയാണ് മേൽപ്പറഞ്ഞ
രണ്ടു സാഹചര്യങ്ങൾക്കും കാരണം എന്ന് വിനയപൂർവം അറിയിക്കട്ടെ.

ഭൂമിദേവിയുടെ ഭക്ഷണം ഗോമാതാവടക്കം നൂറുനൂറു കൂട്ടം മിണ്ടാപ്രാണികൾ
വിസർജിക്കുന്ന മലമൂത്രമാണെന്ന് വേദശാസ്ത്രവും ഭൂമിശാസ്ത്രവും രേഖപ്പെടു
ത്തിയിട്ടുണ്ട്. മനുഷ്യരുടെ ഭക്ഷണവും പാനീയവും മത്സ്യമാംസവും മുട്ടയും
മദ്യവും അല്ലെന്നും മറിച്ച് സസ്യാഹാരവും ശുദ്ധജലവും ആണെന്ന് ആരോഗ്യശാ
സ്ത്രവും തെളിയിച്ചിട്ടുണ്ട്.

ഇന്ത്യാക്കാരിൽ ഏതാണ്ടു പകുതിയും കേരളീയരിൽ 95 ശതമാനത്തിലധി
കവും മത്സ്യമാംസവും മുട്ടയും ഭക്ഷിച്ചുവരുന്നവരാണ്. അതുകൊണ്ടുതന്നെ ഭാര
തത്തിൽ പ്രത്യേകിച്ചും കേരളത്തിൽ പക്ഷിമൃഗാദികൾക്കും ജലജന്തുക്കൾക്കും
അവയുടെ സ്വാഭാവിക മരണം വരെ ജീവിക്കുവാൻ കഴിയാത്ത ഒരു സാഹചര്യം
നാം ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യക്കാരുടെ വിശിഷ്യ കേരളീയരുടെ ഈ ദുഷിച്ചു
നാറിയ ഭക്ഷണശീലത്തിനെതിരേ അഥവാ കട്ടാള സംസ്ക്കാരത്തിനെതിരേ ഒറ്റ
ക്ഷരം എഴുതുവാൻ തയാറില്ലാത്ത മലയാള പത്രങ്ങളാണ് പ്രകൃതിക്ഷോഭത്തി
ന്റെയും ഹൃദ്രോഗത്തിന്റെയും പേരിൽ കണ്ണീർ ഒഴുക്കുന്നത് എന്ന് പറയാതിരിക്കു
വാൻ വയ്യ. അവർക്ക് പണം നല്കുന്നവരാകട്ടെ, പട്ടിണിക്കാർ ഭിക്ഷാപാത്രവു
മായി വീട്ടുപടിക്കൽ ഭിക്ഷ യാചിച്ച് വരുമ്പോൾ പട്ടിയെ കയറൂരിവിട്ട് ഭീഷണിപ്പെ
ടുത്തുന്ന ധനാഢ്യരുമാണ്.

പക്ഷിമൃഗാദികളെ കൊലചെയ്തു ഭക്ഷിക്കാതെ അവയെ സംരക്ഷിച്ച് ഭൂമിദേ
വിയുടെ ഭക്ഷണം ഒരുക്കികൊടുക്കൂ എന്ന സന്ദേശവും മനുഷ്യന്റെ സമ്പൂർണ
ആരോഗ്യം സസ്യാഹാരത്തിലൂടെ മാത്രം എന്ന മറ്റൊരു സന്ദേശവും പ്രചരിപ്പിച്ചു
കൊണ്ടു പ്രവർത്തിക്കുന്ന അംഗസംഖ്യാ ബലമില്ലാത്ത രണ്ടു സംഘടനകളാണ്
കേരള അനിമൽ ലവേഴ്സ് അസോസിയേഷനും ഇന്ത്യൻ വെജിറ്റേറിയൻ
കോൺഗ്രസും.

മലയാള പത്രങ്ങൾ വായിച്ചാൽ ചെമ്മീൻ വളർത്തൽ കേന്ദ്രത്തിന്റെയും പന്നി,
ആമ, മുയൽ വളർത്തൽ ലാഭത്തിന്റെയും മത്സ്യകൃഷി വിളവെടുപ്പിന്റെയും ഇറച്ചി
ക്കോഴി, കാടക്കോഴി തീറ്റയുടെയും മാംസാഹാര ഗുണമേന്മകളുടെയും കുപ്രച
രണ വാർത്തകൾ കാണാം. ഈശ്വരസൃഷ്ടികളായ മിണ്ടാപ്രാണികളോട് കേരള
സർക്കാരും കേരള ജനതയും കാണിക്കുന്ന കൊടുംക്രൂരതയ്ക്കെതിരേ ഒരൊറ്റ
അക്ഷരം എഴുതുവാനുള്ള സംസ്ക്കാരം പ്രദർശിപ്പിക്കാത്ത മാധ്യമങ്ങളാണ്
കേരളത്തിലുള്ളത്.

പ്രകൃതിക്ഷോഭം ക്ഷണിച്ചുവരുത്തിയും ഹൃദ്രോഗികളെയും കാൻസർ രോഗി
കളെയും മറ്റനവധി രോഗങ്ങളെയും സൃഷ്ടിച്ചും പിന്നീട് അതിനു പരിഹാരം
കാണുവാൻ ശ്രമിക്കുന്ന 'നാറാണത്തുഭ്രാന്തന്റെ ജോലിയാണ്' ഇവിടെ നാം
കാണുന്നത്. ഈ നാറാണത്തു ഭ്രാന്തന്മാരുടെ കാട്ടാള സംസ്ക്കാരത്തിനെതിരേ
ആഞ്ഞടിച്ചുകൊണ്ട് രണ്ടു ദശാബ്ദത്തിലധികമായി കേരളമാകെ സഞ്ചരിച്ചു
പ്രവർത്തിക്കുന്ന സംഘടനകളാണ് കേരള അനിമൽ ലവേഴ്സ് അസോസിയേ
ഷനും ഇന്ത്യൻ വെജിറ്റേറിയൻ കോൺഗ്രസും.

ഒരൊറ്റത്തുള്ളി ദാഹജലം പോലും കൊടുക്കാതെ അടികൊടുത്തും, ഇടികൊ
ടുത്തും ആണികൊണ്ട് കുത്തിയും കൊമ്പുകളിന്മേൽ പന്തം കെട്ടി എണ്ണ ഒഴിച്ച്
തീ കൊളുത്തിയും സ്വന്തം വാലും ചെവിയും ആട്ടാൻ പോലും കഴിയാത്തവിധം
കൂട്ടികെട്ടി മുറുക്കി രാവും പകലും കാൽനടയായും ലോറികളിൽ കുത്തിനിറച്ചും
അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന പശുക്കളടക്കമുള്ള
നാൽക്കാലി മൃഗങ്ങളെ സുപ്രഭാതത്തിൽ റോഡരുകിലെ തണൽവൃക്ഷങ്ങൾക്കു
താഴെയും പീടികത്തിണ്ണകളിലും വച്ച് അറുംകൊല നടത്തി അവയെ ഉച്ചഭക്ഷണ
ത്തിനും അത്താഴത്തിനും ഉപയോഗിച്ച് വിശപ്പുമാറ്റുന്ന മലയാളിക്കും ആ ക്രൂര
തയ്ക്ക് കൂട്ടുനില്ക്കുന്ന സർക്കാരിനും മാധ്യമങ്ങൾക്കും പ്രകൃതിക്ഷോഭത്തി
ന്റെയും ഹൃദ്രോഗത്തിന്റെയും പേരിൽ കണ്ണുനീരൊഴുക്കുവാൻ എന്തധികാരം
എന്നു ചോദിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശ്രീബുദ്ധന്റെയും ഭഗവാൻ മഹാ
വീരന്റെയും മുഹമ്മദ് നബിയുടേയും അക്ബർ ചക്രവർത്തിയുടെയും യേശുദേവ
ന്റെയും ആദിശങ്കരന്റെയും ഷേക്സ്പിയറുടേയും ബർണാഡ്ഷായുടെയും
ടോൾസ്റ്റോയിയുടെയും രവീന്ദ്രനാഥ ടാഗോറിന്റെയും മഹാത്മാഗാന്ധിയുടെയും
ശ്രീനാരായണഗുരുവിന്റെയും പട്ടമ്പിസ്വാമികളുടെയും മദർ തെരേസയുടെയും
ഭക്ഷണസംസ്ക്കാരം എന്തായിരുന്നുവെന്ന് മലയാളികളേയും അവരുടെ മാധ്യമ
ങ്ങളേയും മാധ്യമങ്ങളുടെ സർക്കാരിനെയും പഠിപ്പിക്കാനായി ഇന്ത്യൻ വെജിറ്റേ
റിയൻകോൺഗ്രസ് തീരുമാനിച്ചിരിക്കുകയാണ്!!

ഇന്ത്യയിലെ അറവുശാലകൾ അടച്ചുപൂട്ടുക എന്ന മുദ്രാവാക്യമുയർത്തി,
ലോകാരോഗ്യം, ലോകസംസ്കാരം, ലോകസമാധാനം ഇവ സസ്യാഹാരത്തി
ലൂടെ മാത്രം എന്ന സന്ദേശം വിതറിക്കൊണ്ട് പക്ഷിമൃഗാധികളും ജലജന്തുക്കളും
നമ്മുടെ കുടുംബങ്ങൾ എന്ന അറിവ് പകർന്നുകൊണ്ട്, ഇന്ത്യയുടെ തലസ്ഥാന
നഗരിയിൽ 2000-ാം മാണ്ട് ജനുവരി ഒന്നിന് വമ്പിച്ച ഒരു റാലി നടത്തുവാൻ ഇന്ത്യ
യിലെ മൃഗസ്നേഹികൾ തീരുമാനിച്ചിരിക്കുന്നു. ഒരു വെജിറ്റേറിയൻ [illegible]ളം
എന്ന ലക്ഷ്യം വച്ച് ഐ.വി.സിയും കെ.എ.എൽ.എ.യും ചേർന്നു പല പ്രവർത്ത
നങ്ങൾക്കും രൂപം നല്കിയിട്ടുണ്ട്. കുത്തക പത്രങ്ങളോടൊപ്പം കണ്ണുനീർ വാർത്തി
സഹായധനം എത്തിച്ച താങ്കളോട് ഞങ്ങൾ ആവശ്യപ്പെടുന്നു, നാറാണത്തുഭ്രാ
ന്തന്മാരുടെ ജോലി അവസാനിപ്പിക്കുവാൻ, രോഗികളെ സൃഷ്ടിച്ച് രോഗം മാറ്റുക
എന്ന വിചിത്ര പണി അവസാനിപ്പിക്കുവാൻ. മാറി വരുന്ന പുത്തൻ നൂറ്റാണ്ടിൽ
ഒരു പുത്തൻ ഭക്ഷണ സംസ്ക്കാരം വളർത്തിയെടുത്ത് മലയാളികളുടെ കാട്ടാള
സംസ്ക്കാരം ശാശ്വതമായി അവസാനിപ്പിക്കുവാൻ വേണ്ടി ഞങ്ങൾ നടത്തുന്ന
ധർമ സമരത്തിന് നിങ്ങളുടെ ചെറിയ തോതിലുള്ള ഒരു സഹായം മിണ്ടാപ്രാണി
കളെ ഓർത്തിട്ടെങ്കിലും ഞങ്ങൾക്ക് നല്കണമെന്ന് വിനയപൂർവം ആവശ്യപ്പെ
ടുന്നു.

**എ.വി.കെ. മുസത്, ഇന്ത്യൻ വെജിറ്റേറിയൻ കോൺഗ്രസ്, കേരളം**
**308, നന്ദിനി ഗാർഡൻ, ഫോർട്ട്, തിരുവനന്തപുരം – 695 023.**